
**നം.ഇ.എക്സ്./എ(5)/17017/2025/സി.ജി.ഇ**

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം,**
**പരീക്ഷാഭവൻ, പൂജപ്പുര,**
**തിരുവനന്തപുരം**
**തീയതി: 19/09/2025**

# അറിയിപ്പ്

**കെ.ടെറ്റ് മെയ് 2025** കാറ്റഗറി 1, 2, 3, 4 പരീക്ഷയുടെ താത്കാലിക ഉത്തരസൂചിക പരീക്ഷാർത്ഥികൾക്ക് പരിശോധിക്കുന്നതിനു വേണ്ടി പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരസൂചികയെ സംബന്ധിച്ച് പരീക്ഷാർത്ഥികൾക്കുള്ള പരാതികൾ https://pareekshabhavan.kerala.gov.in, https://ktet.kerala.gov.in, എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകാ ഫോറത്തിൽ സമർപ്പിക്കാവുന്നതാണ്. പരാതിയോടൊപ്പം പരാതിയെ സാധൂകരിക്കുന്ന രേഖകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ 27/09/2025 ശനിയാഴ്ച്ച വൈകുന്നേരം 05.00 മണിയ്ക്ക് മുമ്പായി നേരിട്ടോ, തപാൽ മാർഗ്ഗമോ **സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും നിശ്ചിത മാതൃകയിൽ അല്ലാത്തതുമായ പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പരാതികൾ അയയ്ക്കുന്ന ഫോർമാറ്റ് ഷീറ്റിൽ ഒരു കാറ്റഗറി, ഒരു പാർട്ട് എന്നിവയിലെ പരാതി മാത്രമെ ഉൾക്കൊള്ളിക്കാവു. വ്യത്യസ്ത കാറ്റഗറികൾക്കും പ്രസ്തുത കാറ്റഗറികളിലെ പാർട്ടുകൾക്കും പ്രത്യേകം ഫോർമാറ്റ് ഷീറ്റുകൾ ഉപയോഗിക്കേണ്ടതാണ്.



**സെക്രട്ടറി**